കോഴിക്കോട് ജില്ലയിലും പേരാംമ്പ്ര മണ്ഡലത്തിലും അനുവദിച്ച ചികിൽസാ ധനസഹായം

152 [1960] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ ധനസഹായം മറ്റ് ദുരിതാശ്വാസങ്ങൾ എന്നീ ഇനത്തിൽ പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പിൽനിന്നും കോഴിക്കോട് ജില്ലയിൽ എന്തു തുക അനുവദിച്ചുവെന്ന് അറിയിക്കാമോ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അവരുടെ പേരുവിവരവും വെളിപ്പെടുത്താമോ?

ഉത്തരം

(എ) പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി 1,58,200 രൂപയും (ഒരു ലക്ഷത്തി അൻപത്തി എണ്ണായിരത്തി ഇരുന്നൂറ് രൂപയും) പട്ടികജാതി വിഭാഗങ്ങൾക്കായി 8,93,676 രൂപയും (എട്ടുലക്ഷത്തി തൊണ്ണൂറ്റിമൂവ്വായിരത്തി അറുന്നൂറ്റി എഴുപത്താറു രൂപയും) അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുടെ 19 അപേക്ഷകളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 24 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 19 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. ശോഭകുമാരൻ, പട്ടാണിക്കുന്നുമ്മൽ
2. ശ്രീമതി ലീല അമ്പലംകുന്ന്
3. ശ്രീ. ചാത്തി അമ്പലംകുന്ന്
4. ശ്രീമതി കല്യാണി അമ്പലംകുന്ന്
5. ശ്രീ. ചന്ദ്രൻ, S/O കല്യാണി, കോഴിത്തോട്
6. ശ്രീമതി വെള്ളി, അമ്പലംകുന്ന്
7. ശ്രീമതി വെളിച്ചി, തൂവക്കടവിൽ
8. വെളിച്ചി മകന് മരണാനന്തര ചെലവ്
9. ശ്രീമതി ജാനു, സി. കെ. തൂവക്കടവിൽ
10. ശ്രീമതി സരോജിനി അമ്പലംകുന്ന്
11. ശ്രീ. കൃഷ്ണൻ അമ്പലംകുന്ന്
12. ശ്രീ. ചെമ്പൻ അമ്പലംകുന്ന്

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീമതി സരോജിനി, ആലംപാറ
14. ശ്രീ. വിൽസൺ കുളത്തൂർ
15. ശ്രീമതി അമ്മിണി, നരേന്ദ്രറോഡ് കോളനി
16. വാഗാ വിൽസൺ
17. ശ്രീമതി ജാനു, ടി. സി., തൂവക്കടവിൽ
18. ശ്രീ. ചാത്തി അമ്പലംകുന്ന്
19. ശ്രീ. ബാലൻ, തൂവക്കടവിൽ

(പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു).

1. ശ്രീമതി പുഷ്പ, പി. കെ., പേരാമ്പ്ര
2. ശ്രീ. കെ. എം. ബാലൻ നെടുവന്നൂർ
3. ശ്രീമതി അനിതാ ശ്രീധരൻ, മേപ്പയൂർ
4. ശ്രീ. രവീന്ദ്രൻ, നടുവന്നൂർ
5. ശ്രീ. കുട്ടപ്പൻ, പെന്നാവൂർ

ബാക്കി 19 പേരുടെ അപേക്ഷ പരിശോധിച്ചു വരികയാണ്.

റാന്നി-പെരുനാട് പഞ്ചായത്തിലെ ളാഹ-രാജാമ്പാറ ഗിരിവർഗ്ഗക്കാരുടെ ജാതി സംബന്ധിച്ച പരാതി

153 [1961] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട് പഞ്ചായത്തിലെ ളാഹ-രാജാമ്പാറ ഗിരിവർഗ്ഗ കോളനിയിലെ ചിലരുടെ ജാതി സംബന്ധിച്ച പരാതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് റാന്നി തഹസിൽദാർ കിർത്താഡ്സ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതനുസരിച്ച് ഡയറക്ടർ ഈ പ്രദേശത്ത് സന്ദർശനം നടത്തിയിരുന്നോ;

(ഡി) ഇതു സംബന്ധിച്ച് റിപ്പോർട്ട് എത്ര നാളുകൾക്കകം സമർപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) ഈ കോളനിയിലെ നിരവധി പാവപ്പെട്ടവർക്ക് ത്രിതല പഞ്ചായത്തുകളുടേയോ വകുപ്പിന്റെയോ യാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly